# NH 17 സ്വകാര്യവൽക്കരണത്തിനെതിരെ ജനകീയപ്രക്ഷോഭം

കെ.ജി. സുരേന്ദ്രൻ



NH 17ലെ കുറ്റിപ്പുറം-ഇടപ്പിള്ളി വരെയുള്ള റോഡിൽ ബി.ഒ.ടി. അടിസ്ഥാനത്തിൽ നിർമ്മാണങ്ങൾ നടത്തി സ്വകാര്യവൽക്കരിക്കുന്നതിനെതിരെ ജനകീയപ്രക്ഷോഭം ശക്തമാകുന്നു.

കേന്ദ്ര- സംസ്ഥാന സർക്കാരുകളുടെ ആഗോളവത്ക്കര ണ നയങ്ങളുടെ ഭാഗമായുള്ള പുതിയ നയങ്ങളാണ് റോഡുകൾ സ്വകാര്യവത്കരിക്കപ്പെടുന്നതിന് നിദാനം. കുറ്റിപ്പുറം മുതൽ ഇടപ്പള്ളി വരെ നീണ്ടു കിടക്കുന്ന NH 17ലെ 112 കിലോമീറ്റർ റോഡ് സ്വകാര്യപാതയാക്കാനുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിലാണ് നടക്കുന്നത്. ബി.ഒ.ടി. അടിസ്ഥാനത്തിൽ നിർമ്മിക്കുന്ന ഈ ഭീമൻ പാതയ്ക്കുവേണ്ടി 45 മീറ്റർ വീതിയിൽ ഭൂമി ഏറ്റെടുത്തു കൊണ്ടിരിക്കുന്നു. ഇതിനുവേണ്ട തുകയായ 1643.5 കോടി രൂപ കേന്ദ്രസർക്കാരിന്റെ സാമ്പത്തി കാധികാര സമിതി അനുവദിച്ച് കഴിഞ്ഞിട്ടുമുണ്ട്. ഈ നരകപാത യാഥാർത്ഥ്യമാകുമ്പോൾ വിവരണാതീതമായ ദുരിതങ്ങളാണ് ജനങ്ങൾ അനുഭവിക്കേണ്ടി വരിക. 7000 കുടുംബങ്ങളാണ് ഇതുമൂലം ഭവനരഹിതരാകുന്നത്. തലമുറകളായി ജീവിച്ച മണ്ണിൽ നിന്നും ഹൃദയബന്ധം സ്ഥാപിച്ച ദേശത്ത് നിന്നും അവർ പിഴുതുമാറ്റപ്പെടും. 4000 വലിയ കെട്ടിടങ്ങൾ അടക്കം 5550 കെട്ടിടങ്ങൾ പൂർണ്ണമായും തകർക്കപ്പെടും. ഭാഗികമായി തകർക്കപ്പെടുന്നവയുടെ എണ്ണം ഇതിലുമധികം വരും. വിചിത്ര മെന്ന് പറയട്ടെ, അടുക്കള മാത്രം ശേഷിക്കുന്ന വീടുകൾ പോലും പൂർണ്ണമായി തകർക്കപ്പെടുന്നവയുടെ ലിസ്റ്റിൽ അധികൃതർ ഉൾപ്പെടുത്തിയിട്ടില്ല.

കച്ചവടസ്ഥാപനങ്ങൾ ഇല്ലാതാവുന്നതോടെ കച്ചവടക്കാരുടെ തൊഴിൽ മാത്രമല്ല, അവിടെ തൊഴിൽ ചെയ്യുന്ന ആയിരങ്ങൾക്കും തൊഴിൽ നഷ്ടപ്പെടും. കച്ചവടം നടത്തുന്നവർക്ക് നാമമാത്രമായ നഷ്ടപരിഹാരം ലഭിച്ചാൽ തന്നെ തൊഴിലാളികൾക്ക് ഒരു തരത്തിലുള്ള നഷ്ടപരിഹാരവും ലഭിക്കില്ല. ഈ പാതയുമായി ബന്ധപ്പെട്ട ഓട്ടോ, ടെംമ്പോ, ടാക്സി തൊഴിലാളികളും തങ്ങളുടെ ഇടങ്ങളിൽ നിന്നും പുറംതള്ളപ്പെടും. ചെറുകിട വഴിവാണിഭമേടക്കം ഈ റോഡിൽ ഉപജീവനോപാധികൾ തേടുന്നവരും നിരാലംബരാകും. സാമൂഹ്യ സഹവർത്തിത്വത്തിനുള്ള സാധ്യതകളും കച്ചവടത്തിനുള്ള ഇടങ്ങളും ഇല്ലാതാകും. ഇതോടെ നമ്മുടെ സാമൂഹ്യ ജീവിതത്തിന് ശ്വാസം മുട്ടും.

റോഡിന് വേണ്ടി ഏറ്റെടുക്കുന്ന സ്ഥലങ്ങൾക്കാകട്ടെ തുച്ഛവില മാത്രമേ ലഭിക്കൂ. ഇങ്ങിനെ ലഭിക്കുന്ന തുക അപര്യാപ്തമാണെന്ന് മാത്രമല്ല അത് നിരവധി തവണകളായി മാത്രമേ ലഭിക്കുകയുള്ളൂ. അതും 12 മുതൽ 30 ശതമാനം വരെ നികുതി പിടിച്ചെടുത്തതിന് ശേഷം മാത്രം. 13,018 സർവ്വേ നമ്പറുകളിലായി 786.85 ഏക്കർ ഭൂമിയാണ് പിടിച്ചെടുക്കപ്പെടുന്നത്. നഷ്ടപരിഹാരവും പുനരധിവാസവും ജലരേഖകളായി മാറുന്ന സ്ഥിതിയും ഉണ്ടാകുന്നുണ്ട്. വികസനത്തിന്റെ പേരിൽ വഞ്ചിതരായവരുടെ ചരിത്രം അതാണ് സൂചിപ്പിക്കുന്നത്. അവിശ്വസനീയമായി തോന്നാവുന്ന ഒരു കാര്യം ഇവിടെ പരാമർശിക്കട്ടെ. 1950കളിൽ നെഹ്റു ഇന്ത്യയുടെ ക്ഷേത്രമെന്ന് വിശേഷിപ്പിച്ച ഭക്രാനങ്കൽ അണക്കെട്ടിന് വേണ്ടി കുടിയൊഴിക്ക പ്പെട്ടവരുടെ മൂന്നാം തലമുറ ഇന്നും നഷ്ടപരിഹാര ത്തിന് വേണ്ടി സർക്കാരാഫീസുകളിൽ അലഞ്ഞുകൊ ണ്ടിരിക്കുകയാണ്. ഈയിടെ മാധ്യമങ്ങൾ അത് റിപ്പോർട്ട് ചെയ്യുകയു

**കേരളത്തിൽ ഒരു കിലോമീറ്റർ വിസ്തൃതിയിൽ ശരാശരി ജനസംഖ്യ 918 ആണ്. തീരദേശങ്ങളിലാകട്ടെ ഇതിന്റെ മൂന്നിരട്ടിയോളമുണ്ട്. അതുകൊണ്ട് തന്നെ ഇത്തരമൊരു പ്രദേശത്ത് ഈ വിധം ഒരു പാത നിർമ്മിക്കുക. എന്നത് ജനദ്രോഹകരം കൂടിയാണ്. യഥാർത്ഥത്തിൽ എത്ര ഭൂമിയാണ് കവർന്നെടുക്കാൻ പോകുന്നത് എന്ന് കണ്ട് തന്നെ അറിയണം. NH 17 ഈ വിധം രൂപപ്പെടുമ്പോൾ തൃശ്ശൂർ ജില്ലയിൽ മാത്രം 166 റോഡുകളാണ് അടഞ്ഞുപോകുന്നത്.**

ണ്ടായി. മൂലമ്പള്ളിയിൽ ഒരു വർഷം മുൻപ് കുടിയൊഴിക്കപ്പെട്ടവർക്ക് നഷ്ടപരിപാരം ഇനിയും ലഭ്യമായിട്ടില്ല.

റോഡിന് വേണ്ടി അക്വയർ ചെയ്യുന്ന ഭൂമിക്കരികിലുള്ള സ്ഥലങ്ങൾ ബി.ഒ.ടി. കുത്തകകൾക്ക് വേണ്ടി മരവിപ്പിക്കൽ (Freezing) എന്ന പേരിൽ പിടിച്ചെടുക്കാനുള്ള തന്ത്രവും സർക്കാർ നടപ്പിലാക്കുന്നുണ്ട്. 15 മീറ്റർ സ്ഥലമാണ് ഇങ്ങിനെ ഭാവി വികസനത്തിനെന്ന പേരിൽ ഉപായത്തിലൂടെ കൈക്കലാക്കുന്നത്. ഇതിന് ഉടമകൾക്ക് പണം ലഭിക്കുകയില്ല. ഉടമകൾക്കാകട്ടെ ഈ ഭൂമിയിൽ ഒരവകാശവും ഉണ്ടായിരിക്കുകയുമില്ല. ഇന്ന് NH 17ന് ഇരുവശത്തുമുള്ള ജനങ്ങളെ ഭയവും ആശങ്കയും ഗ്രസിച്ചിരിക്കുകയാണ്. ഈ ഹൈവേക്ക് വേണ്ടി 11 ബൈപാസ്സുകളാണ് രൂപകൽപന ചെയ്തിരിക്കുന്നത്. ഇതാകട്ടെ അശാസ്ത്രീയവും നിക്ഷിപ്ത താൽപര്യക്കാരുടെ ഇംഗിതത്തിന് അനുസരിച്ചുമാണ്. മുഴുവൻ ബൈപ്പാസുകളും ചെറുചാലുകളും തോടുകളും വെള്ളത്തടങ്ങളുമുള്ള പ്രദേശങ്ങളിലൂടെ യാണ് കടന്ന് പോകുന്നത്. ഇതോടെ തോടുകളും വെള്ളത്തടങ്ങളുമെല്ലാം അടഞ്ഞുപോകും.

ഈ പ്രദേശങ്ങൾക്കടുത്തുള്ള സ്ഥലങ്ങളിലെ ശുദ്ധജല ലഭ്യത ഇതുമൂലം ഇല്ലാതാകും. കാരണം ജലസംഭരണികൾ ഇല്ലാതാവുന്നതോടെ പുഴയിലെ സാന്ദ്രത കൂടിയ ഉപ്പുജലം ഈ പ്രദേശങ്ങളിലേക്ക് പ്രവഹിക്കുന്നതിന് ഇടയാക്കുന്നു.

സ്വകാര്യവത്ക്കരിക്കപ്പെടുന്ന ഈ പാതയ്ക്ക് 12 നിശ്ചിതപ്രവേശന മാർഗ്ഗങ്ങൾ മാത്രമാണുള്ളത്. അതായത് 9 കിലോമീറ്ററിൽ ഒരു പ്രവേശനം മാത്രം. പ്രവേശന മാർഗമൊഴിച്ച് ബാക്കിവരുന്ന സ്ഥലത്ത് 1 മീറ്റർ ഉയരത്തിൽ മതിൽകെട്ടി (Fencing) മറയ്ക്കപ്പെടുന്നു.

നാല് നിശ്ചിത സ്ഥലങ്ങളിൽ ടോൾഗേറ്റുകളും ലോറി പാർക്കിങ്ങ് ഏരിയാകളും പഞ്ചനക്ഷത്ര ഹോട്ടലുകളും മാളുകളും വിശ്രമകേന്ദ്ര ങ്ങളുമൊക്കെയായി നിർമ്മിക്ക പ്പെടുന്ന ഈ പാതയുടെ രൂപരേഖ ഈ വിധമാണ്. 45 മീറ്റർ വീതി. മദ്ധ്യത്തിൽ 4.5 മീറ്റർ വീതിയിൽ ഹൈവേ മീഡിയൻ. ഇതിനിരുവശത്തും 7 മീറ്റർ വീതം ബി.ഒ.ടി റോഡുകൾ. 1.5 മീറ്ററിൽ പാവ്ഡ് ഷോൾഡർ. 1.75 മീറ്ററിൽ ഡിവൈഡർ. അതിനിടയിൽ 1മ്മ മീറ്റർ ഉയരത്തിൽ ഫെൻസിങ്ങ്. 7 മീറ്ററിൽ സർവ്വീസ് റോഡുകൾ. ഇരുവശത്തും 2 മീറ്ററിൽ ഫുട്പാത്ത്. പ്രസ്തുത റോഡിലൂടെ ഒരു കിലോമീറ്റർ സഞ്ചരിക്കുന്നതിന് ഒരു തലയ്ക്ക് (യൂണിറ്റ്) 40 പൈസയാണ് ടോൾ കൊടുക്കേണ്ടി വരിക. ഇതുപ്രകാരം 100 കിലോമീറ്റർ ദൂരം 5 പേർക്ക് സഞ്ചരിക്കാവുന്ന ഒരു കാറിന് 200 രൂപ ടോൾ ഇനത്തിൽ ചിലവാകും. അതുകൊണ്ടുതന്നെ ദീർഘ ദൂരയാത്രയ്ക്ക് വാടകകൊടുത്ത് സഞ്ചരിക്കുന്ന ഒരു വിഭാഗത്തിന് മാത്രമേ ഈ റോഡ് ഉപയോഗിക്കാനാവൂ. മാത്രമല്ല ഈ റോഡ് വൻകിട കുത്തകകളുടെ ചരക്ക് നീക്കങ്ങൾക്കും മാത്രമാണ് പ്രയോജനപ്പെടുക.

കൂടിയത് 50–65 കിലോമീറ്റർ വീതിവരുന്ന കേരളം പോലുള്ള പ്രദേശത്ത് 45 മീറ്റർ വീതിയിൽ നിർമ്മിക്കുന്ന ഈ വാമന പാത അർദ്ധനഗരങ്ങളെക്കൊണ്ട് നിറഞ്ഞതും ജനനിബിഡവുമായി തീരദേശത്ത് ഉണ്ടാക്കുന്ന ആഘാത പ്രത്യാഘാതങ്ങൾ ഗുരുതരമായിരിക്കും. കേരളത്തിൽ ഒരു കിലോമീറ്റർ വിസ്തൃതിയിൽ ശരാശരി ജനസംഖ്യ 918 ആണ്. തീരദേശങ്ങളിലാകട്ടെ ഇതിന്റെ മൂന്നിരട്ടിയോളമുണ്ട്. അതുകൊണ്ട് തന്നെ ഇത്തരമൊരു പ്രദേശത്ത് ഈ വിധം ഒരു പാത നിർമ്മിക്കുക. എന്നത് ജനദ്രോഹകരം കൂടിയാണ്. യഥാർത്ഥത്തിൽ എത്ര ഭൂമിയാണ് കവർന്നെടുക്കാൻ പോകുന്നത് എന്ന് കണ്ട് തന്നെ അറിയണം. NH 17 ഈ വിധം രൂപപ്പെടുമ്പോൾ തൃശ്ശൂർ ജില്ലയിൽ മാത്രം 166 റോഡുകളാണ് അടഞ്ഞുപോകുന്നത്. മറ്റൊരു കാര്യം കേരളം റോഡുകളുടെ കാര്യത്തിൽ ഏറെ മുന്നിലാണ് എന്നതാണ്. ഇന്ത്യയിൽത്തന്നെ റോഡുകളുടെ വ്യാപ്തിയിൽ കേരളം നാലാംസ്ഥാനത്താണ്. ഇന്ത്യയിൽ ചതുരശ്രകിലോ മീറ്ററിന് 0.7 കിലോമീറ്റർ റോഡാണ് ഉള്ളതെങ്കിൽ കേരളം ഇതിലും എത്രയോ മുന്നിലാണ്.

കേരളത്തിലെ അപകടങ്ങളുടെ 30 ശതമാനവും ഇരുചക്രവാഹനങ്ങളാണെന്നാണ് കണക്ക്. 18 ശതമാനം ഓട്ടോറിക്ഷകളും. പൊതുവിൽ അപകടങ്ങളുടെ 80 ശതമാനം അപകടം വരുത്തിവെയ്ക്കുന്ന ഇത്തരം വാഹനങ്ങൾക്കൊന്നും ബി.ഒ.ടി. റോഡുകളിലൂടെ സഞ്ചരിക്കാൻ കഴിയില്ല. ഇത്തരം വാഹനങ്ങൾ ബി.ഒ.ടി. റോഡുകൾക്ക് പുറത്തുള്ള റോഡിലൂടെ പോകാൻ നിർബന്ധിതമാണ്. അപ്പോൾ സംഭവിക്കുന്നത് സമീപ റോഡുകൾ വാഹനപ്പെരുപ്പം കൊണ്ട് തിങ്ങും. ഇതോടെ അപകടങ്ങൾ ഈ റോഡുകളിലേക്ക് വ്യാപിക്കുന്നു. ഇടതുകാലിലെ മന്ത് വലതു കാലിലേക്ക് മാറുന്ന ഒരു പ്രക്രിയയാണ് ഇവിടെ നടക്കുന്നത്.

NH 17 സ്വകാര്യവത്ക്കരണത്തിനെതിരെ പ്രക്ഷോഭം ശക്തമാകുന്നു. ഐക്യദാർഢ്യസമിതി ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ചാവക്കാട് NH ഓഫീസിലേക്ക് മാർച്ച് നടത്തി.

*ബന്ധങ്ങൾക്ക് : 9745160450*